സമ്മതിദായ സാക്ഷര സമാജം

ഒരു സമ്മതിദായകനും ഒഴിവാക്കപ്പെടരുത്

ഭാരതീയ തെരഞ്ഞെടുപ്പ് കമ്മീഷൻ

# ഇലക്ടറൽ ലിറ്ററസി ക്ലബ്

## റിസോഴ്സ് ഗൈഡ്

## ക്ലാസ്സ് X





പ്രിയപ്പെട്ട കൂട്ടുകാരെ,


നമ്മുടെ ഇന്ത്യ ലോകത്തിലെ തന്നെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമാണെന്ന് എല്ലാവർക്കും അറിയാമല്ലോ. ലോകത്തിലെ തന്നെ ഏറ്റവും വലിയ ജനാധിപത്യ പ്രക്രിയ നടക്കുന്നതും ഇന്ത്യയിലാണ്. ആ ജനാധിപത്യ പ്രക്രിയയുടെ സൗന്ദര്യമെന്ന് പറയുന്നത് പൊതു തെരഞ്ഞെടുപ്പുകളാണ്. രാജ്യത്തെ ജനങ്ങളാണ്, ഞാനും നിങ്ങളും ഉൾപ്പെടുന്ന പൗരന്മാരാണ് തെരഞ്ഞെടുപ്പുകളുടെ ശക്തി. വോട്ടവകാശമുള്ള പൗരന്മാർ തങ്ങളുടെ സമ്മതിദാനാവകാശം യുക്തിപൂർവ്വം, ക്രിയാത്മകമായി വിനിയോഗിക്കുമ്പോ ഴാണ് ജനാധിപത്യം അർത്ഥപൂർണമാകുന്നത്.

അത് ഉറപ്പാക്കുന്നതിന് കൃത്യമായ ഇടപെടലുകളാണ് രാജ്യത്തെ തിരഞ്ഞെടുപ്പ് കമ്മീഷൻ നടപ്പാക്കി വരുന്നത്. ലിംഗ - വർണ്ണ - പ്രായ ഭേദമന്യേ എല്ലാവരെയും ഉൾക്കൊള്ളുന്ന തിരഞ്ഞെടുപ്പ് എന്ന ആപ്തവാക്യം പ്രാവർത്തികമാക്കാൻ നിരവധി പദ്ധതികളും തെരഞ്ഞെടുപ്പ് കമ്മീഷൻ ആസൂത്രണം ചെയ്യുന്നുണ്ട്.

ഓരോ വോട്ടും വിലപ്പെട്ടതാണ്; ജനാധിപത്യ പ്രക്രിയയിൽ ഓരോ പൗരന്റെയും പങ്ക് വലുതാണ്. അതുകൊണ്ട് തന്നെ, ജനാധിപത്യത്തിന്റെ കരുത്തെന്തെന്ന് തിരിച്ചറിഞ്ഞു വേണം ഓരോ വിദ്യാർത്ഥിയും വളരേണ്ടത്. അത്തരം അവബോധം വിദ്യാർത്ഥികളിൽ രൂപപ്പെടുത്താൻ വേണ്ടിയാണ് കലാലയങ്ങളിൽ ഇലക്ടറൽ ലിറ്ററസി ക്ലബ്ബുകൾക്ക് രൂപം നൽകിയിട്ടുള്ളത്.

ജനാധിപത്യത്തിന്റെ കരുത്ത് തിരിച്ചറിയാൻ, ജനാധിപത്യ പ്രക്രിയയിൽ പൗരന്റെ കടമ മനസിലാക്കാൻ ഇലക്ടറൽ ലിറ്ററസി ക്ലബ്ബുകളും ഈ കൈപ്പുസ്തകവും സഹായകമാകട്ടെ എന്ന് ആശംസിക്കുന്നു

സ്നേഹത്തോടെ



**സഞ്ജയ് കൗൾ**
മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ, കേരളം

## ആമുഖം

സ്രോതസ്സ് ഗൈഡ് ഉൾക്കൊള്ളുന്നത് പത്താംക്ലാസിലേക്ക് വേണ്ടുന്ന തെരഞ്ഞെടുപ്പ് സാക്ഷരതാക്ലബിന്റെ വിശദാംശങ്ങളാണ് സ്രോതസ്സ് ഗൈഡ് പ്രദാനം ചെയ്യുന്ന നിർദേശങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്. തെരഞ്ഞെടുപ്പ് വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട സന്ദേശങ്ങളാണ് ഇതിൽ പ്രധാനമായും ആവിഷ്കരിക്കുന്നത്. ഇത് ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യയുടെ ആഭിമുഖ്യത്തിലാണ് തയ്യാറാക്കിയിരിക്കുന്നത്. 15–16 പ്രായമുള്ള വിദ്യാർഥികളെ ഉദ്ദേശിച്ചിട്ടാണ് ഇത് തയ്യാറാക്കിയിട്ടുള്ളത്. അതുകൊണ്ട് തന്നെ ഇത് ഇ.എൽ.സി. കൺവീനറുടെ ഗൈഡ് അഥവാ മാനുവൽ ആയി പ്രവർത്തിക്കുന്നു.

## കൺവീനർ

ക്ലബ് വിളിച്ച് ചേർക്കുന്ന സമ്മേളനത്തിൽ നോഡൽ ഓഫീസർ പങ്കെടുക്കുകയും എല്ലാ പ്രവർത്തനങ്ങൾക്കും പ്രചോദനം നൽകുകയും ചെയ്യുന്നു. സ്രോതസ് ഗൈഡ് മുതൽ പ്രവർത്തനങ്ങളുടെ നവീകരണവും ഇതിൽ ഉൾക്കൊള്ളുന്നു. ഇത് ലക്ഷ്യമാക്കുന്നത് വിദ്യാർഥികൾക്ക് ഇതിന്റെ സന്ദേശങ്ങൾ നൽകുക എന്നതാണ്. എന്നിരിക്കിലും പത്താം ക്ലാസ് വിദ്യാർഥിനികളുടെ പ്രവർത്തനങ്ങൾ താഴെ പറയുന്ന വൈജ്ഞാനിക ലക്ഷ്യങ്ങൾ അക്കാഡമിക് വർഷത്തിനുള്ളിൽ സാക്ഷാൽക്കരിക്കപ്പെടേണ്ടതാണ്.

1) വിദ്യാർഥികൾ ഒരു വോട്ടർ എന്ന നിലയിൽ രജിസ്റ്റർ ചെയ്യേണ്ടുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കണം. 6 -ാം ഫോറം എങ്ങനെ പൂരിപ്പിക്കുക എന്നത് മനസ്സിലാക്കണം. ഫോറം ലഭ്യമാക്കാൻ എവിടെയാണ് രജിസ്ട്രേഷൻ സമർപ്പിക്കേണ്ടത് എന്നതിനെക്കുറിച്ചും എന്തെല്ലാം രേഖകളാണ് സമർപ്പിക്കേണ്ടത് എന്നതിനെക്കുറിച്ചും ബോധവാന്മാരാകണം.

2) വിദ്യാർഥികൾ പോളിംഗ്സ്റ്റേഷനെക്കുറിച്ചുള്ള കാര്യങ്ങൾ മനസ്സിലാക്കണം അതുപോലെ തന്നെ ഒരു വോട്ടറെയും നഷ്ടമാക്കരുത് എന്ന ഇ.സി.ഐ യുടെ നിർദേശത്തെ അംഗീ കരിക്കുകയും ചെയ്യണം.

3) വിദ്യാർഥികൾ വോട്ടിന്റെ മൂല്യത്തെക്കുറിച്ച് മനസ്സിലാക്കേണ്ടത് അനിവാര്യമാണ്.

4) വിദ്യാർഥികൾ നോട്ടയെ (NOTA) അംഗീകരിക്കേണ്ടതാണ്. അതുപോലെതന്നെ NOTA യ്ക്ക് കീഴിലുള്ള ഓരോ വോട്ടും തിരിച്ചറിയേണ്ടതാണ്.

5) വിദ്യാർഥികൾ വോട്ടിങ്ങിന്റെ നൈതികമായ പ്രാധാന്യം മനസ്സിലാക്കണം.




## സൂചിക


1. അവതാരിക
2 ഉദ്ദേശ ലക്ഷ്യങ്ങൾ
3 ഘടന
4 അംഗങ്ങളും എക്സിക്യൂട്ടീവ് കമ്മിറ്റിയും
5 നോഡൽ ഓഫീസറും അവരുടെ കർമങ്ങളും
6 കൺവീനർ
7 വേദി
8 ഇ.എൽ.സി. സമ്മേളനങ്ങൾ
9 ഉദ്ദേശിച്ച പ്രവർത്തനങ്ങളുടെ ഷെഡ്യൂൾ
10 പ്രവർത്തനങ്ങൾ
11 സമ്മേളനത്തിന്റെ ഘടന
12 ഇ.എൽ.സി. യുടെ ലഭ്യത
13 നിർദേശങ്ങളുടെ പ്രവർത്തനങ്ങൾ
    1. ജനാധിപത്യത്തിന്റ മതിൽ
    2. നിർവചിത്ര- സിനിമയുടെ സ്ക്രീനിംഗ്/ചാർട്ടിന്റെ പ്രകടനം
    3. രജിസ്ട്രേഷന്റെ ഫീൽഡ് അംഗീകാരം
    4. NOTA ഫ്ളാഷ് കാർഡ് ഗെയിം
    5. സ്റ്റെപ്പ് അപ്പ്
    6. ദേശീയ വോട്ടർ ദിനത്തിനുവേണ്ടുന്ന പ്രവർത്തനങ്ങൾ - വരപ്പിലും, പോസ്റ്റർ തയ്യാരക്കുനതിലുമുള്ള മത്സരം.
14 പ്രവർത്തനങ്ങളുടെ സ്രോതസ്സ്
15 സംഗ്രഹങ്ങളും പദാവലികളും


2018-ൽ ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യ പ്രസിദ്ധീകരിച്ചത്.




FORM 6
[See rules 13(1) and 26]
Application for inclusion of name in electoral roll
To
The Electoral Registration Officer,
........................Assembly Constituency
Sir,
I request that my name be included in the electoral roll for the above Constituency. Particulars in support of my claim for inclusion in the electoral roll are given below:
SPACE FOR PASTING ONE RECENT PASSPORT SIZE PHOTOGRAPH (3.5 CM X 3.5 CM) SHOWING FRONTAL VIEW OF FULL FACE WITHIN THIS BOX
I. Applicant's details
**Name
**Surname (if any)
Name in English
Name in Tamil
Age as on 1st January ............#
Years:
Months:
Sex (male/female/others):
Date of birth, if known:
Day:
Month:
Year:
Place of birth:
Village/ Town:
District:
State:
* Father's/ Mother's / Husband's Name in English
**Name
**Surname (if any)
* Father's/ Mother's / Husband's Name in Tamil
II. Particulars of place of ordinary residence (Full address):
House/ Door number :→ New:
Old :
Flat Name / Building Name:
Street/ Area/Locality/Mohalla/Road:
Town/ Village:
Post Office:
Tehsil/ Taluka/Mandal/ Thana:
District:
III. Details of member(s) of applicant's family already
the Constituency:
Name
Relationship with applicant
roll of the Constituency
Strike out the inappropriate alternative
Name in English and Tamil will enable the entry of name to be made
Identity Card (EPIC)

## 1) അവതാരിക

തെരഞ്ഞെടുപ്പ് സാക്ഷരതാ ക്ലബ് ഇന്ത്യയിൽ രൂപീകരിക്കുന്നതിന് വളരെ നിർണായകമായ ലക്ഷ്യമുണ്ട്. അതായത് തെരഞ്ഞെടുപ്പ് സാക്ഷരത എല്ലാ പ്രായത്തിലും പെട്ട ആൾക്കാർക്കും പ്രദാനം ചെയ്യുക എന്നതാണ്. രാഷ്ട്രീയഭേദമന്യേ ഇന്ത്യയിലെ എല്ലാ പൗരന്മാർക്കും തെരഞ്ഞെടുപ്പ് സാക്ഷരതയുടെ പ്രാധാന്യം മനസ്സിലാക്കിക്കൊടുക്കുക എന്നതാണ്.

ഇന്ത്യയിൽ മുഴുവൻ തെരഞ്ഞെടുപ്പ് സാക്ഷരതാക്ലബുകൾ സെക്കന്ററി തലത്തിലും സെക്കന്ററി സ്കൂളുകളിലും നടപ്പാക്കുക എന്നത് ഇതിന്റെ ഒരു പ്രധാന ലക്ഷ്യമാണ്. കാരണം ഈ വിദ്യാർഥികൾ ഭാവി വോട്ടർമാരാണ്. 16-17 വയസ്സുള്ള വിദ്യാർഥികൾ ഭാവി വോട്ടർമാരാണ്. അതായത് 9-ാം ക്ലാസ്സിലും 10-ാം ക്ലാസ്സിലും പഠിക്കുന്നക ഇവരാണ് ഇ.എൽ.സി ഭാവി വോട്ടർമാർ.

9,10,11,12 ക്ലാസ്സിലെ എല്ലാ വിദ്യാർഥികളും ക്ലബിലെ അംഗങ്ങളായിരിക്കും. താഴെ കൊടുക്കുന്ന കാര്യങ്ങൾ ഇ.എൽ.സി എങ്ങനെയാണ് പ്രവർത്തിക്കുന്നത് എന്നതിനെക്കുറിച്ച് വിശദമായ വിവരം നൽകും. അരൊക്കെയാണ് ഇതിന്റെ പങ്കാളികൾ, കൺവീനർ, എവിടെവെച്ച് എങ്ങനെയാണ് ഇതിന്റെ പ്രവർത്തനങ്ങൾ നടപ്പാക്കുന്നത് എന്നതും താഴെ പറയുന്ന കാര്യങ്ങൾ വ്യക്തമാക്കും.

## 2) ഉദ്ദേശ്യ ലക്ഷ്യങ്ങൾ

തെരഞ്ഞെടുപ്പ് സാക്ഷരതാക്ലബിന്റെ ഉദ്ദേശലക്ഷ്യങ്ങൾ താഴെ കൊടുക്കുന്നു.

1. തെരഞ്ഞെടുപ്പ് സാക്ഷരത പ്രദാനം ചെയ്യുന്ന ജനങ്ങൾക്ക് വിദ്യാഭ്യാസം നൽകുക.
2 ഇതുമായി ബന്ധപ്പെട്ട ജനവിഭാഗങ്ങളെയും വിദ്യാർഥികളെയും EVM, VVTAT എന്നിവയുമായ് പരിചിതരാക്കുക. അതിനുശേഷം EVM നെപ്പറ്റി അവർക്ക് വിദ്യാഭ്യാസം നൽകുക. ലക്ഷ്യമാക്കപ്പെടുന്ന പ്രേക്ഷകർക്ക് അല്ലെങ്കിൽ വിദ്യാർഥികൾക്ക് വോട്ടിംഗ് സമ്പ്രദായത്തിന്റെ പ്രാധാന്യം എന്തെന്ന് വിശദീകരിക്കുക.
3. വോട്ടവകാശം വിശ്വാസത്തോടെയും സമാധാനപരമായും നീതി ബോധത്തോടെയും ചെയ്യേണ്ടതിന്റെ പ്രാധാന്യം അവരെ ബോധ്യപ്പെടുത്തുക.
4 ഇ.എൽ.സി. അംഗങ്ങളുടെ പ്രാധാന്യത്തെപ്പറ്റി ബോധവൽക്കരിക്കുക.
5. 18 വയസ്സിനുമേൽ പ്രായമുള്ള വ്യക്തികൾക്ക് വോട്ടർ രജിസ്ട്രേഷൻ നൽകാനുള്ള പ്രവർത്തനങ്ങൾ നടത്തുക.
6. എല്ലാ വോട്ടുകളും എണ്ണപ്പെടും, ഒരു വോട്ടറും അവഗണിക്കപ്പെടുന്നില്ല. എന്ന തത്വം ബോധവൽക്കരിക്കപ്പെടും.

## 3) ഘടന

ഇ.എൽ.സി പ്രവർത്തിക്കുന്നത് എല്ലാ വർഗങ്ങൾക്കും വിഭാഗങ്ങൾക്കും വേണ്ടിയാണ്. എന്നാൽ തെരഞ്ഞെടുപ്പ് സാക്ഷരതാക്ലബ് ഓരോ സ്കൂളിലും വ്യത്യസ്തമായ രീതിയിലാവും പ്രവർത്തിക്കുക. വ്യത്യസ്ത വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ അടിസ്ഥാനപരമായ് ഒന്നായിരിക്കും. എന്നാൽ ELC SE/ST വിഭാഗങ്ങൾക്ക് വളരെ പ്രാധാന്യം നൽകും. ക്ലാസ്സിലെ എല്ലാ വിദ്യാർഥികളും തെരഞ്ഞെടുപ്പ് സാക്ഷരതാ ക്ലബിലെ അംഗങ്ങളായിരിക്കും.



### 4) എക്സിക്യൂട്ടീവ് കമ്മിറ്റിയും അംഗങ്ങളും

തെരഞ്ഞെടുക്കപ്പെട്ട എക്സിക്യൂട്ടീവ് കമ്മിറ്റി വിദ്യാർഥികളെ ഇ.എൽ.സി. രൂപീകരിക്കാൻ പ്രചോദിപ്പിക്കേണ്ടതുണ്ട്. അതിന് സഹായകമായ പ്രവർത്തനങ്ങൾ ഓരോ വിഭാഗത്തിന്റെയും പ്രതിനിധികൾ ചെയ്യുന്നതായിരിക്കും. നിർദേശങ്ങളുടെയും മേൽനോട്ടത്തിന്റെയും കീഴിൽ പ്രവർത്തനങ്ങൾ നടക്കുന്നതായിരിക്കും. ഇതിന് മേൽനോട്ടം വഹിക്കുന്നത് നോഡൽ ഉദ്യോഗസ്ഥനായിരിക്കും. ഇതിന്റെ ഭാഗമായ്തന്നെ അധ്യാപകരിലൂടെ വിദ്യാർഥികളുമായി ബന്ധപ്പെട്ട ബോധന പരിപാടികളും സാക്ഷാൽക്കരിക്കേണ്ടതുണ്ട്.

### 5) നോഡൽ ഓഫീസറും അദ്ദേഹത്തിന്റെ കടമകളും

മാനവിക വകുപ്പുമായ് ബന്ധപ്പെട്ട സ്കൂളുകളിൽ നിന്നും ഒന്നോ രണ്ടോ അധ്യാപകർ ഇ.എൽ.സി ക്ക് വേണ്ടി നോടൽ ഓഫീസറായി പ്രവർത്തിക്കും. അവർ ഇ.എൽ.സി യുടെ പ്രധാനപ്പെട്ട പ്രവർത്തകരായി പ്രവർത്തിക്കും. തെരഞ്ഞെടുപ്പ് പ്രവർത്തനവുമായി ബന്ധപ്പെട്ട അധ്യാപകർ ഇത്തരം പ്രവർത്തനങ്ങളിൽ വളരെ ഭൗതികമായി പ്രവർത്തനം നടത്തും.

1) ജില്ലാതെരഞ്ഞെടുപ്പ് ഓഫീസർ നിർദേശിക്കുന്ന കാര്യങ്ങളുമായി ബന്ധപ്പെട്ടായിരിക്കും ഭാവി പ്രവർത്തനങ്ങൽ നടക്കുന്നത്. വിദ്യാർഥികൾക്കുവേണ്ടുന്ന ഇ.എൽ.സി സ്രോതസ്സും അതുപോലെതന്നെ അധ്യാപകർക്കുവേണ്ടുന്ന സ്രോതസ്സും ഓൺലൈനിൽ നൽകുന്നതായിരിക്കും. അതല്ലെങ്കിൽ ജില്ലാതെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്റെ മാധ്യമങ്ങളിലൂടെ ആവിഷ്കരിക്കപ്പെടേണ്ടതായിരിക്കും.

2) ഇ.എൽ.സി പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുകയും പ്രചോദനം നൽകുകയും ചെയ്യുന്ന ഉദ്യോഗസ്ഥൻ ഇത്തരം പ്രവർത്തനങ്ങളിൽ നിർണായക പങ്കുവഹിക്കുന്നതായിരിക്കും.

3) ഇ.എൽ.സി പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാനുള്ള അധ്യാപകർ ബോധപൂർണമായ പ്രവർത്തനങ്ങൾ നടത്തിയിരിക്കണം.

4) ഇഎൽ.സി പ്രവർത്തനത്തിന്റെ സ്രോതസ്സുമായി ബന്ധപ്പെട്ട് ഭാവി രാഷ്ട്രീയബോധം നിർണയിക്കാനുള്ള പ്രവർത്തനം നടത്തിയിരിക്കണം.

5) ഇ.എൽ.സി പ്രവർത്തനവുമായി ബന്ധപ്പെട്ട് സ്കൂളുകളിലെ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾക്ക് ദിശാനിർണയം നൽകണം.

6) പുതിയ സ്രോതസ്സുകൾ സമാഹരിച്ചുകൊണ്ട് അത് ജില്ലാതെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് കൈമാറും.

7) എക്സിക്യൂട്ടീവ് കമ്മിറ്റിയുമായും വിദ്യാർഥികളുമായും ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഒരു കലണ്ടർ നിർമിക്കണം.

*കുറിപ്പുകൾ : ഇ.എൽ.സി യുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട ഇ.എൽ.സിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയുമായി സ്വതന്ത്രമായി പ്രവർത്തിക്കുന്ന അധികാരിയായിരിക്കും നോഡൽ ഓഫീസർ.*

## 6) കൺവീനർ

ഇ.എൽ.സി. പ്രവർത്തനം നടത്തുന്ന അധ്യാപകർ ഓരോ ക്ലാസ്സിലും ഉണ്ടായിരിക്കും. അതേസമയം തന്നെ അധ്യാപകരുടെ ഒരു സംഘം നോഡൽ ഓഫീസറുടെ പ്രവർത്തനം നടത്താൻ തയ്യാറാകണം. അധ്യാപകർ നോഡൽ ഓഫീസറുടെ നിയന്ത്രണത്തിൽ വേണം പ്രവർത്തിക്കാൻ. ഈ പ്രവർത്തനം ഇ.എൽ.സി യുമായി ബന്ധപ്പെട്ടതാണ്. ഇത്തരം പ്രവർത്തനങ്ങളെല്ലാം തന്നെ സ്ത്രീകളും പുരുഷന്മാരും വളരെ സംയോജിതമായി പ്രവർത്തിക്കേണ്ടതാണ്.

## 7) വേദി

തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ ക്ലാസ്സ് റൂം പരിപാടികൾ വേദികളിലായിരിക്കണം നടത്തേണ്ടത്.

## 8) ഇ.എൽ.സി യുടെ ഭാവി പ്രവർത്തനം

ഇ.എൽ.സി യുടെ ഭാവി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ധാരാളം പ്രവർത്തനങ്ങളും സമ്മേളനങ്ങളും നടത്തപ്പെടേണ്ടതുണ്ട്. വ്യത്യസ്തമായ ഇ.എൽ.സി പ്രവർത്തനങ്ങളും സംയോജിക്കപ്പെടേണ്ടതുണ്ട്. 6 മുതൽ 8-ാം ക്ലാസ്സ് വരെയുള്ള ക്ലാസ്സിലെ ഏറ്റവും ശാസ്ത്രീയമായ വിദ്യാഭ്യാസ പ്രമേയമാണ് ഇ.എൽ.സി ഉദ്ദേശിക്കുന്നത്.







## 9) നിർദേശിക്കപ്പെട്ട പ്രവർത്തനങ്ങളുടെ മാതൃകകൾ

ഇ.എൽ.സി നിർദേശിക്കുന്ന പ്രധാനപ്പെട്ട പ്രവർത്തനങ്ങളെപ്പറ്റി താഴെ വിവരിക്കുന്നു.

| മാസം | പ്രവർത്തനം | കാലയളവ് |
|---|---|---|
| വാർഷിക പ്രവർത്തനം | ജനാധിപത്യ മതിൽ - വാൾ മാഗസിൻ | 60 മിനിറ്റ് ക്ലാസ് ക്ലാസ്സ് ചർച്ചകൾക്കു വേണ്ടുന്ന 60 മിനിറ്റ്. |
| ഏപ്രിൽ | നിർവചിത്ര സിനിമാ പ്രദർശനം (ഇ.എൽ.സി. യുടെ ആദ്യവർഷങ്ങളിൽ) | 45 മിനിറ്റ് |
| മെയ്, ജൂൺ | രജിസ്ട്രേഷൻ പ്രവർത്തനങ്ങൾ | 30 മിനിട്ട്, വീട്ട് വർക്ക് |
| സെപ്തംബർ | NOTA | 30 മിനിട്ട് |
| ഒക്ടോബർ, നവംബർ | Step up | 60 മിനിട്ട് |
| ജനുവരി (NVP) | മത്സരത്തിനു വേണ്ടിയുള്ള പോസ്റ്റർ തയ്യാറാക്കണം | 60 മിനിട്ട് |
| ആകെ | | ഭവന ഭൗതിക - പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട 2 മണിക്കൂർ (നിർവചിത്രയുടെ സമയം ഉൾപ്പെടുത്തിയിട്ടില്ല.) |

## 10) പ്രവർത്തനങ്ങൾ

പത്താംക്ലാസ്സിലേക്കുവേണ്ടിയുള്ള തെരഞ്ഞെടുപ്പ് സാക്ഷരതാമാർഗനിർദേശ ഗ്രന്ഥം വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങൾ ഉൾക്കൊള്ളുന്നു. അതിൽ ഒന്ന് 6 പ്രധാനപ്പെട്ട പ്രവർത്തനങ്ങളാണ്. മതിൽ മാസികയുടെ പ്രവർത്തനം മാസത്തിൽ രൂപപ്പെടുന്നതാണ്. അതിനെ സഹായിക്കുന്നത് ഇ.എൽ.സി ആണ്. എന്നാൽ പ്രവർത്തനങ്ങൽ നടപ്പാക്കുക എന്നുള്ളത് നിർബന്ധമല്ല. പക്ഷേ പ്രവർത്തനങ്ങൾ സമയകേന്ദ്രിതമായി ആവിഷ്കരിക്കപ്പെടേണ്ടിവരും.

## 11) സമ്മേളനത്തിന്റെ ഘടന

എല്ലാ ഇ.എൽ.സി യും താഴെപറയുന്ന ഘടന പിന്തുടരാൻ ബാധ്യസ്ഥരാണ്.

### സമ്മേളനം

ഇ.എൽ.സി അംഗങ്ങൾ പരസ്പരം അഭിവാദ്യം ചെയ്യേണ്ടതുണ്ട്. ഈ അഭിവാദ്യം വേദികളിൽവെച്ചാണ് നടപ്പാക്കേണ്ടത്.കൺവീനർ 5 മുതൽ 10 മിനിട്ടുവരെ സമ്മേളന നടപടികളെക്കുറിച്ച് ബോധവാനായിരിക്കും.

*പ്രവർത്തന മാർഗ നിർദേശം.*

പ്രവർത്തനങ്ങളുടെ നിർദേശങ്ങൾ കൺവീനറാണ് നിശ്ചയിക്കുന്നത്. അദ്ദേഹം തന്നെയാണ് സമ്മേളന നടപടികൾ തീരുമാനിക്കുന്നത്.

എല്ലാ പ്രവർത്തനങ്ങളും വ്യക്തിഗതമായ പ്രവർത്തനങ്ങളെ മാനിച്ചുകൊണ്ടായിരിക്കും. .

*3,2,1 പ്രവർത്തനങ്ങളുടെ പുനഃപരിശോധനയുമായി ബന്ധപ്പെട്ട സംഗ്രഹം.*

എല്ലാ പ്രവർത്തനങ്ങളും പുനപരിശോധനയ്ക്ക് വിധേയമായിരിക്കും. കൺവീനർ എല്ലാ ഇ.എൽ.സി. അംഗങ്ങളോടും താഴെ പറയുന്ന കാര്യങ്ങൾ ചോദിക്കുന്നതായിരിക്കും

-> 3 എന്താണ് ഇപ്പോൾ പഠിക്കുന്നത്

-> 2 എന്താണ് അവരുടെ മനസ്സിൽ ഇപ്പോഴും ഉള്ളത്.

-> 1 കൂടുതൽ പഠിക്കാൻ അവർ ആഗ്രഹിക്കുന്നത് എന്താണ്. (വിദ്യാർഥികൾക്ക് പ്രവർത്തനങ്ങളുമായി ചോദ്യങ്ങൾ ചോദിക്കാൻ അവകാശമുണ്ട്.)

## 12) ഇ.എൽ.സി യുടെ ലഭ്യത

-> ഇ.എൽ.സി എന്നു പറയുന്നത് വിദ്യാർഥികളുടെയും അംഗപരമമിതരുടെയും കാര്യങ്ങൾക്ക് മുൻഗണന കൊടുക്കുന്നതായിരിക്കും.

-> കൺവീനറായിരിക്കും ഇ.എൽ.സി മെമ്പർമാരുടെ കാര്യത്തിൽ മേധാവിത്വം വഹിക്കുന്നത്.

-> ഇ.എൽ.സി യുടെ പ്രവർത്തനത്തെ അനായാസമാക്കി മാറ്റുന്ന വേദി തെരഞ്ഞെടുക്കേണ്ടതുണ്ട്.


-> ഏതെങ്കിലുമൊരു വിദ്യാർഥി ശ്രവണസംബന്ധമായ വൈകല്യമനുഭവിക്കുന്നുണ്ടെങ്കിൽ ഭാഷാവ്യാഖ്യാതാവ് അയാളെ സഹായിക്കേണ്ടതുണ്ട്.

-> ക്ലബ്ബുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഒരിക്കലും അംഗപരമമിതരുടെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമാകരുത്.





# 13) നിർദേശസഹിതമായ പ്രവർത്തനങ്ങൾ



## പ്രവർത്തനം:- ജനാധിപത്യത്തിന്റെ മതിൽ - മതിൽ മാഗസിൻ

### പൊതുവീക്ഷണം

മതിൽ മാഗസിന്റെ പിന്നിലുള്ള ആശയം എന്തെന്നാൽ തിരഞ്ഞെടുപ്പ് സാക്ഷരതയെക്കുറിച്ചുള്ള വിവരണം ആവേശകരവും സർഗാത്മകതവും ആത്മബന്ധിതവുമായ് രൂപപ്പെടുത്തുകയും എല്ലാ വിദ്യാർഥികളെയും പ്രചോദിപ്പിച്ചുകൊണ്ട് ഇതിൽ പങ്കാളികളാക്കുക എന്നതുമാണ്. ഈ ലക്ഷ്യത്തിനുവേണ്ടി സ്കൂളിനെ സർഗാത്മകമായി വനിനിയോഗിക്കും. ഇതാണ് ജനാധിപത്യത്തിന്റെ മതിൽ. ഈ മതിൽ തെരഞ്ഞെടുപ്പ് സാക്ഷരതയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളിലും സജീവമായി ഇടപെടേണ്ടതുണ്ട്. ഈ വിഷയം വിദ്യാർഥികളുടെ ഇടയിൽ സർഗാത്മകമായി പ്രചരിപ്പിക്കപ്പെടേണ്ടതുണ്ട്. മതിൽ മാസികയിൽ മാനേജ്മെന്റ് ചെയ്യുന്നത് 10-ാം ക്ലാസ്സിലെ ഇ.എൽ.സി. ആയിരിക്കും. എന്നാൽ പത്താം ക്ലാസ് വിദ്യാർഥികൾ മതിൽ മാസികയ്ക്കുവേണ്ടുന്ന സർഗാത്മക സൃഷ്ടികൾ സംഭാവനചെയ്യും. മതിൽ മാസികയുടെ ആശയവുമായി ബന്ധപ്പെട്ട് ആഴ്ചയ്ക്കുള്ളിലോ രണ്ടാഴ്ചയ്ക്കുള്ളിലോ ഇതിന്റെ ഫലം വരും. ഇതിനെ നിർണയിക്കുന്നത് വിദ്യാർഥികൾ നൽകുന്ന സർഗസൃഷ്ടികളുടെ അളവിനനുസരിച്ചായിരിക്കും. മതിൽ മാസികയുടെ ഉള്ളടക്കം മാറ്റുന്നതിൽ വിദ്യാർഥികൾ ഒൻപതാം ക്ലാസ് വിദ്യാർഥികളെ സഹായിക്കും.

### മതിൽ മാസികയുടെ ഇതിവൃത്തം

മതിൽ മാസികയുടെ ഇതിവൃത്തവുമായി ബന്ധപ്പെട്ട വിഷയങ്ങൾ താഴെ കൊടുക്കുന്നു.

1) ജനാധിപത്യം: ജനങ്ങളുടെ ജനങ്ങളാൽ ഭരിക്കപ്പെടുന്ന ഭരണം

2. എന്റെ വോട്ട് എന്റെ അവകാശമാണ്: വോട്ടിന്റെ മൂല്യം.

3. തെരഞ്ഞെടുപ്പിന്റെ മൂല്യം: എല്ലാ വോട്ടുകളും ഒരുപോലെ എണ്ണപ്പെടും.

4) ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ രജിസ്റ്റർ ചെയ്യപ്പെടും:
   * 18 വയസ്സ് പ്രായമായ വിദ്യാർഥികൾക്കും പൗരന്മാർക്കും വോട്ടവകാശം ഉണ്ടായിരിക്കും.
   * വോട്ടേഴ്സ് ലിസ്റ്റ്

5) വോട്ടർ കാർഡ് / ഇ.പി.ഐ.സി (Election Photo Identity card)

6) ആരാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്
   * യോഗ്യത
   * സ്ഥാനാർഥിയാകാനുള്ള അർഹത

7) നൈതികവും ബോധവത്കൃതവുമായ വോട്ടിംഗ്.
   * തെരഞ്ഞെടുപ്പ് പ്രചാരണ ഘട്ടത്തിൽ സ്വീകാര്യമായതും അസ്വീകാര്യമായതുമായ കാര്യങ്ങൾ
   * പ്രവർത്തനത്തിന്റെ മാതൃകാരൂപം: സ്ഥാനാർഥികൾ ഏതെങ്കിലും തരത്തിലുള്ള ദുർവിനിയോഗങ്ങൾ കണ്ടാൽ അത് ആർക്ക് റിപ്പോർട്ട് ചെയ്യണം

.



8) ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ : വിവിപിഎടി (voters verification paper audit trial)
   * രഹസ്യവോട്ട്
   * ഇ.വി.എം./ വി.വി. പി.എ.ടി : ഇതിലൂടെയുള്ള തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഉദ്ഗ്രഥനം.

9) നോട്ട
   * എപ്പോഴാണ് നോട്ട ഉപയോഗിക്കേണ്ടത്.
   * ഒരു സ്ഥാനാർഥിയായ നിങ്ങളെക്കുറിച്ചുള്ള അടിസ്ഥാനപരമായകാര്യങ്ങൾ മനസ്സിലാക്കൽ

10) ഇലക്ഷൻ കമ്മീഷൻ/സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷൻ



## പ്രവർത്തനം – നിർവചിത സിനിമാ സ്ക്രീനിംഗ്
## (10–ാം ക്ലാസ്സിലേക്ക് വേണ്ടുന്ന ഒരു വർഷത്തെ പ്രവർത്തനം)

### പൊതുവീക്ഷണം

ഈ പ്രവർത്തനം തെരഞ്ഞെടുപ്പ് പ്രവർത്തനവുമായി ബന്ധപ്പെട്ടതും സിനിമയുടെ സ്ക്രീനിംഗ് പ്രവർത്തനവുമായി ബന്ധപ്പെട്ടതുമാണ്. ഇതിന്റെ ഭാഗമായി പൊതുവായ ആശയങ്ങൾ പ്രചരിപ്പിക്കാനുള്ള ഹാസ്യാത്മകമായ വിവരണങ്ങൾക്കും സിനിമാപ്രദർശനങ്ങൾക്കും പ്രാധാന്യമുണ്ടായിരിക്കും.

*കുറിപ്പ് : ഈ പ്രവർത്തനങ്ങൾ പത്താംക്ലാസ് വിദ്യാർഥികളെ ഉദ്ദേശിച്ചുകൊണ്ടായിരിക്കും.*

### തിരിച്ചറിവ്

പ്രവർത്തനത്തിന്റെ പൂർണത പ്രസിദ്ധീകരിക്കുക.

1) 18 വയസ്സാണ് തെരഞ്ഞെടുപ്പിനുള്ള യോഗ്യതയെന്ന് തിരിച്ചറിയുക.
2) ഒരു വോട്ടറുടെ രജിസ്ട്രേഷനെക്കുറിച്ച് ബോധ്യമുണ്ടാവുക.
3) വോട്ടിന്റെ മൂല്യം തിരിച്ചറിയുക.
4) തെരഞ്ഞെടുപ്പിൽ ബൂത്ത് ലെവൽ ഉദ്യോഗസ്ഥന്റെ പ്രാധാന്യം എന്തെന്ന് മനസ്സിലാക്കുക. അദ്ദേഹമാണ് ഒരു വോട്ടറെ തിരിച്ചറിയുന്നത്.

### സ്രോതസ്സുകൾ

1) ഹ്രസ്വ സിനിമകൾ അനിമേഷൻ ചെയ്യുക. അതിന്റെ സമയം 12 മിനിട്ടായിട്ടാണ് നിഷ്കർഷിക്കപ്പെടുന്നത്.
2) ചിത്ര പുസ്തകങ്ങൾ സൃഷ്ടിക്കുക.
3) ഓഡിയോ പരിപാടികൾ സംഘടിപ്പിക്കുക.
4) തെരഞ്ഞെടുപ്പിന്റെ പ്രചാരണങ്ങൾ പത്രമാസികകൾ, എന്നിവ സൃഷ്ടിക്കുക.

*കുറിപ്പ് : ചിത്രപുസ്തകം , ഓഡിയോ സ്റ്റോറി, പ്രചാരണ പത്രങ്ങൾ, ഇവയെല്ലാം ഇത്തരം കാര്യങ്ങളുമായി ബന്ധപ്പെട്ട് ഉപയോഗിക്കാം.*

### ആവശ്യമായ ഭൗതികങ്ങൾ

1 തിരശ്ശീല, പ്രൊജക്ടർ, ലാപ്ടോപ്പ്, മൈക്രോഫോൺ, തുടങ്ങിയവ.

2. നോട്ട് ബുക്ക്, പെൻ,

3. ചാർട്ട് പേപ്പർ, ബോൾഡ് മാർക്കറുകൾ

**കാലയളവ് –** 45 മിനിട്ട്സ്

**ടൈം ലൈൻ –** ഏപ്രിൽ ആദ്യ ആഴ്ച.



## മാതൃക

1. സിനിമാ സ്ക്രീനിംഗിന്റെ ചാർട് പ്രദർശിപ്പിക്കുന്നതിന് മുമ്പ് കൺവീനർ വിദ്യാർഥിനികളുമായി അനൗപചാരികവും ഹ്രസ്വവുമായ ചർച്ചകൾ നടത്തുന്നു. ഈ ചർച്ചകൾ തിരഞ്ഞെടുപ്പിനെ സംബന്ധിച്ചതായിരിക്കും. അതുപോലെതന്നെ തെരഞ്ഞെടുപ്പിനുവേണ്ടി തയ്യാറെടുക്കുന്നതിനെക്കുറിച്ചും ചർച്ചകൾ നടത്തും. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വോട്ടർമാരെ പരിചയപ്പെടുത്തുക എന്ന ലക്ഷ്യമായിരിക്കും മേൽപ്പറഞ്ഞ ചർച്ചകൾക്കുണ്ടാവുക.

2. കൺവീനർ ചോദ്യങ്ങൾ ചോദിക്കുന്നത് താഴെ പറയുന്ന രീതിയിലായിരിക്കും.

   * ഇന്ത്യൻ സർക്കാരിന്റെ ഘടനെക്കുറിച്ച് നിങ്ങൾ എങ്ങനെ വിലയിരുത്തുന്നു ?
   * എന്താണ് ജനാധിപത്യം ?
   * എന്തുകൊണ്ടാണ് ജനാധിപത്യം ഒരു ജനകീയ ഭരണരൂപമാകുന്നത് ?
   * ജനാധിപത്യത്തിൽ എല്ലാവരുടെയും ശബ്ദം എങ്ങനെ കേൾപ്പിക്കാം.? (തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളുടെ)
   * ജനാധിപത്യ വ്യവസ്ഥയിൽ നമ്മളെങ്ങനെയാണ് പ്രതിനിധികളെ തിരഞ്ഞെടുക്കുക?
   * നമ്മുടെ ശബ്ദം കേൾപ്പിക്കാനുള്ള ഉപകരണങ്ങൾ എന്തൊക്കെയാണ് ?.
   * തെരഞ്ഞെടുപ്പ് പ്രധാനമാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ ?
   * എന്തുകൊണ്ടാണ് നിങ്ങളുടെ വോട്ട് പ്രധാനമാകുന്നത് ?

3. 14-17 പ്രായത്തിൽപെട്ട ഭാവിവോട്ടർമാരോട് കൺവീനർ ചോദ്യങ്ങൾ ചോദിക്കും. ഭാവിയിൽ വോട്ട് ചെയ്യുന്നതിന്റെ പ്രാധാന്യത്തിന് ഊന്നൽ നൽകുന്നതായിരിക്കും കൺവീനറുടെ ചോദ്യങ്ങൾ.

4. കൺവീനർ പിന്നീട് ഇ.എൽ.സി വിദ്യാർഥിനികളോട് അവർ തെരഞ്ഞെടുപ്പിന് തയ്യാറെടുത്തിട്ടുണ്ടോ എന്ന് ചോദിക്കും.

5. കൺവീനർ ചോദ്യങ്ങൾ ചോദിച്ചശേഷം സിനിമ പ്രദർശിപ്പിക്കാൻ ആവശ്യപ്പെടും. സിനിമ പ്രദർശിപ്പിക്കപ്പെടാത്ത സ്ഥലത്ത് ഫ്ളിപ്പ്ചാർട്ട് അല്ലെങ്കിൽ ചിത്രപുസ്തകമോ ഓഡിയോ കഥകളോ അവതരിപ്പിക്കും.

6. വോട്ടിന്റെ പ്രാധാന്യവുമായി ബന്ധപ്പെട്ട് വളരെ വിപുലമായ സംവാദങ്ങൾ സംഘടിപ്പിക്കപ്പെടുന്നു. ശ്രോതാക്കളെല്ലാം തങ്ങളുടെ തെരഞ്ഞെടുപ്പിനെക്കുറിച്ചുള്ള സ്മരണകൾ പങ്കുവെക്കും.

7. വിദ്യാർഥികൾക്ക് പിന്നീട് ചാർട്ട് പേപ്പറുകൾ നൽകുന്നതായിരിക്കും. അതുപോലെ പോസ്റ്ററുകൾ നിർമിക്കാനുള്ള കളറുകളും നൽകും. സിനിമകളുടെയോ തെരഞ്ഞെടുപ്പിന്റെയോ വോട്ടിന്റെയോ പ്രാധാന്യമായിരിക്കും വിദ്യാർഥികൾ ചിത്രീകരിക്കുക.

8. കൺവീനർ പോസ്റ്ററുകൾ സംഭരിക്കുകയും അത് സുരക്ഷിത സ്ഥലത്ത് സൂക്ഷിക്കുകയും ചെയ്യും. പോസ്റ്ററുകൾ ശ്രദ്ധാപൂർവം സൂക്ഷിക്കുന്നതായിരിക്കും. ഭാവി ഇ.എൽ.സി വേദികളിൽ ഉപയോഗപ്പെടുത്താനും പ്രദർശിപ്പിക്കാനും ദേശീയ വോട്ടർ ദിനത്തിൽ വിദ്യാലയത്തിൽ പ്രദർശിപ്പിക്കുന്നതിനുമായിരിക്കും.

9. 3-2-1 സംഗ്രഹം ആവിഷ്കരിക്കുകയും പേജ് 9 ലെ വിശദീകരണങ്ങൾ വിശകലനം ചെയ്യുന്നതുമായിരിക്കും.

## പ്രവർത്തനം - രജിസ്ട്രേഷനെ സംബന്ധിച്ച ഫീൽഡ് അസൈൻമെന്റ് (വേനലവധിക്കാലത്തേക്കു വേണ്ടുന്ന പ്രവർത്തനങ്ങൾ)

### പൊതു നിരീക്ഷണം

രജിസ്ട്രേഷൻ പ്രക്രിയയുമായി ബന്ധപ്പെട്ട് ഫീൽഡ് പ്രവർത്തനത്തിൽ വോട്ടർമാർ പങ്കാളികളാവും. തെരഞ്ഞെടുപ്പ് വിദ്യാഭ്യാസത്തിലെ സജീവ പങ്കാളിത്തം ഒരു പ്രധാനപ്പെട്ട ഘടകമാണ്. വോട്ടേഴ്സ് ലിസ്റ്റ് തുടങ്ങിയ പ്രധാനവിവരങ്ങൾ വിദ്യാർഥികൾ പഠിക്കുന്നതാണ്. അങ്ങനെ അവരുടെ അടുത്ത സുഹൃത്തുക്കൾക്കുവേണ്ട പ്രധാന മാർഗ നിർദേശം നൽകുകയും ചെയ്യും.

*കുറിപ്പ് : ഈ പ്രവർത്തനം വിദ്യാർത്ഥികൾ ചെയ്യുന്നത് വേനലവധിക്കാലത്തായിരിക്കും.*

### പഠനത്തിന്റെ ഫലങ്ങൾ

പ്രവർത്തനത്തിന്റെ പൂർണ രൂപങ്ങൾ പ്രസിദ്ധീകരിക്കണം.

1. ഒരു നിയോജക മണ്ഡലം എന്നാൽ എന്താണ്.
2. എന്താണ് ഒരു ഇലക്ടറൽ റോൾ (വോട്ടേഴ്സ് ലിസ്റ്റ്) അനന്തരം ഒരാളുടെ പേര് പരിശോധിക്കണം.
3. ഫോറം -6 പൂരിപ്പിക്കണം.
4. ഫോറം-7 മായി ബന്ധപ്പെട്ടും ഫോറം -8 മായി ബന്ധപ്പെട്ടും വോട്ടേഴ്സ് ലിസ്റ്റ് പരിഷ്കരിക്കണം.
5. നിയോജകമണ്ഡലത്തിലെ ബൂത്ത് ഓഫീസറെക്കുറിച്ച് മനസ്സിലാക്കണം.
6. എൻ.വി.എസ്.പി. പോർട്ടൽ എന്നാലെന്താണ്.
7. എല്ലാവരും വോട്ട് ചെയ്യണം. അതുപോലെ തന്നെ മറ്റുള്ളവരെ രജിസ്റ്റർ ചെയ്യാൻ പ്രേരിപ്പിക്കുകയും ചെയ്യണം.

### സ്രോതസ്സുകൾ

1. പ്രദേശത്തെ വോട്ടേഴ്സ് ലിസ്റ്റ്
2. വോട്ടർമാർക്കുള്ള പൊതു നിർദേശം
3. രജിസ്റ്റർ ചെയ്യാത്ത വോട്ടർമാരുടെ വിവരങ്ങൾ രേഖപ്പെടുത്താനുള്ള
4. പൊതു FAQS (സ്രോതസ്സ് ഗ്രന്ഥത്തിൽ ഉൾപ്പെട്ടത്)

**സമയദൈർഘ്യം -** (30 മിനിറ്റ്)

ആഴ്ചയുടെ അവസാനത്തിൽ പ്രവർത്തനം പൂർത്തീകരിക്കണം. അല്ലെങ്കിൽ അവധി ദിനത്തിൽ.

**ടൈം ലൈൻ -** മെയ്, ജൂൺ

### തയ്യാറെടുപ്പ്

കൺവീനർക്ക് വോട്ടർമാരുടെ പൊതുമാർഗ നിർദേശങ്ങൾ വായിക്കേണ്ടതുണ്ട്.

### മാതൃക

1) കൺവീനർ വിദ്യാർഥികളുമായി തിരഞ്ഞെടുപ്പിനെക്കുറിച്ചും അതിനുവേണ്ട തയ്യാറെടുപ്പിനെക്കുറിച്ചും ചർച്ച നടത്തുന്നതാണ്. ഇതിന്റെ ലക്ഷ്യം വോട്ടർ രജിസ്ട്രേഷന്റെ ആശയത്തെ പുനഃപരിശോധിക്കുക എന്നതായിരിക്കും. അസംബ്ലി തിരഞ്ഞെടുപ്പിനെക്കുറിച്ചുള്ള



ആശയം പുനഃപരിശോധിക്കേണ്ടതുണ്ട് താഴെ പറയുന്ന വിഷയങ്ങളെ സ്പർശിക്കേണ്ടതുണ്ട്

* അസംബ്ലി മണ്ഡലങ്ങളും പോളിംഗ് സ്റ്റേഷനുകളും
* വിവിധ വോട്ടർമാർ – പൊതു, സേവനമണ്ഡലം, രാജ്യത്തിനുപുറത്തുള്ളവർ, അവരുടെ യോഗ്യത.
* വിവിധ രീതികൾ 6, 6എ,7,8,2,2എ,3
* ഓൺലൈൻ രജിസ്ട്രേഷൻ പോർട്ടൽ (എൻ.വി.എസ്.പി), വെബ്സൈറ്റ് (സി.ഇ.ഒ/ഡി.ഇ.ഒ)

2) ഏൽപ്പിക്കപ്പെട്ട ചുമതലയെക്കുറിച്ച് കൺവീനർ ചുരുക്കി വ്യക്തമാക്കുന്നതാണ്.

എ) വിദ്യാർഥികൾ ആദ്യമായി സി.ഇ.ഒ വെബ്സൈറ്റ് സന്ദർശിക്കും. അനന്തരം വോട്ടേഴ്സ് ലിസ്റ്റ് ഡൗൺലോഡ് ചെയ്യും.

ബി) വിദ്യാർഥികൾ രജിസ്ട്രേഷനെക്കുറിച്ച് വിവരങ്ങൾ ശേഖരിക്കും.

സി) ഭാവി വോട്ടർമാരെ വിദ്യാർഥികൾ പ്രചോദിപ്പിക്കും.

ഡി) വിദ്യാർഥികൾ അവരുടെ വീടുകളിൽ പ്രവർത്തനം തുടങ്ങും.

3) വിദ്യാർഥികൾ തെരഞ്ഞെടുപ്പിന്റെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കും.

4) കൺവീനർ വിദ്യാർഥികളോട് അവരുടെ നിയോജകമണ്ഡലത്തിന്റെ പേര് കണ്ടെത്താൻ ആവശ്യപ്പെടും.

5) കൺവീനർ വിദ്യാർഥികളോട് ഹാസ്യാത്മകപ്രകടനങ്ങൾ നടത്താൻ ആവശ്യപ്പെടും.

6) വിദ്യാർഥികൾ അവരുടെ അനുഭവങ്ങൾ പ്രബന്ധമായി അവതരിപ്പിക്കണം.



## പ്രവർത്തനം : നോട്ട – ഫ്ളാഷ് കാർഡ് കളി തുടർന്ന് ഗ്രൂപ്പ് ചർച്ച/സംവാദം

### പൊതു വീക്ഷണം

നോട്ട എന്നാൽ മുകളിലുള്ളത്താരുമല്ല എന്നർഥം. ഒരു വോട്ടർ വോട്ട് ചെയ്യാൻ ആഗ്രഹിക്കുന്നില്ലെങ്കിൽ ആ വ്യക്തിക്ക് തന്റെ വോട്ടവകാശം നോട്ട എന്ന് രേഖപ്പെടുത്താം.

### പഠനഫലം

1) നോട്ടയെക്കുറിച്ചുള്ള അറിവ്

2) എല്ലാ വോട്ടുകളും എണ്ണപ്പെടും എന്ന ആശയം

### സ്രോതസ്സുകൾ


1 ഫ്ളാഷ് കാർഡുകൾ
2 സംവാദങ്ങളുടെ ഉള്ളടക്കം

**സമയ ദൈർഘ്യം** – 25–30 മിനിറ്റ്

**കാലയളവ്** – സെപ്തംബർ

### പ്രവർത്തന വിശദീകരണം

ഓരോ ഫ്ളാഷ് കാർഡും ഒരു ചോദ്യവും 4 പ്രഥമഗണനയും ഉൾക്കൊള്ളുന്നതാണ്. ഇതിൽ 3 എണ്ണം അസംബന്ധമായിരിക്കും.






**മാതൃക**

1) ഫ്ളാഷ് കാർഡ് കളിയുടെ നേതൃത്വം കൺവീനർക്കായിരിക്കും.

2) നോട്ടയെ സംബന്ധിച്ച ചർച്ചയ്ക്ക് പ്രാധാന്യം.

3) എല്ലാ ഫ്ളാഷ് കാർഡുകളികളും അവസാനിച്ചാൽ പരിപാടി തീർന്നു.

4) 'ആർക്കാണ് നിങ്ങൾ വോട്ട് ചെയ്യുക' എന്ന ചോദ്യം
ഉത്തരം : അഴിമതിക്കാരായ സ്ഥാനാർഥികൾക്കിടയിൽ മനസ്സാക്ഷിക്കനുസരിച്ച് വോട്ട് ചെയ്യും.

5) അനന്തരം കൺവീനർ ഗ്രൂപ്പ് സംവാദം നടത്തും.

   * നോട്ടയ്ക്ക് നിങ്ങളുടെ ജീവിതത്തിലുള്ള പ്രാധാന്യം.
   * പ്രാധാന്യമുള്ളതിനെക്കുറിച്ചുള്ള വിശദീകരണം.
   * നോട്ട പ്രധാനമാണെന്ന് എന്തുകൊണ്ട് നിങ്ങൾ കരുതുന്നു.

6) വോട്ടർക്ക് വോട്ട് ചെയ്യാനുള്ള പ്രാധാന്യത്തെക്കുറിച്ച് നോട്ടയുമായി ബന്ധപ്പെട്ട് കൺവീനർ തന്റെ ആശയം വ്യക്തമാക്കേണ്ടതുണ്ട്. സ്ഥാനാർഥികളെ നിരാകരിക്കാനുള്ള ജനങ്ങളുടെ അവകാശമാണ് നോട്ട സൂചിപ്പിക്കുന്നത്. നോട്ട ജനങ്ങളുടെ അവകാശമാണ്. രാഷ്ട്രീയ പാർട്ടികൾക്ക് കൂടുതൽ മൂല്യവത്തായ പ്രവർത്തനം നടത്താൻ നോട്ട പ്രേരകമായിരിക്കും.

7) കൺവീനർ ഒരു കാര്യം വ്യക്തമാക്കേണ്ടതുണ്ട്. അതായത് അയാൾ ഒരിക്കലും തെറ്റായ ആശയങ്ങൾ രാഷ്ട്രീയപാർട്ടികളുടെ സ്ഥാനാർഥികളുമായി ബന്ധപ്പെട്ട ചർച്ചയിൽ നടത്താൻ പാടില്ല.

8) നൈതികമായതും വിശദീകരിക്കപ്പെട്ടതുമായ തെരഞ്ഞെടുപ്പിനെക്കുറിച്ച് സംസാരിക്കാനുള്ള സന്ദർഭമാണിത്. വിദ്യാർഥികൾക്ക് ആരാണ് യോഗ്യതയുള്ള സ്ഥാനാർഥികൾ, ആരാണ് യോഗ്യത ഇല്ലാത്തവർ എന്ന് തിരിച്ചറിയാനുള്ള സന്ദർഭമാണിത്.

9) ഉത്തരം ലഭിച്ചതിനു ശേഷം കൺവീനർ താഴെ പറയുന്ന കാര്യങ്ങൾ സംസാരിക്കണം:

   * സ്ഥാനാർഥികളുടെ പശ്ചാത്തലത്തെക്കുറിച്ച് അിറയുന്നതിന്റെ പ്രാധാന്യം.
   * എന്താണ് അവരുടെ പ്രകടനപത്രിക എന്ന് ശ്രദ്ധാപൂർവം പരിശോധിക്കുക.
   * സ്ഥാനാർഥികളിൽ നിന്ന് കൈക്കൂലി സ്വീകരിക്കുന്നത് നിരാകരിക്കുക.
   * ഇത്തരം സ്ഥാനാർഥികളെ ഒഴിച്ച് നിർത്തുക.

10) കൺവീനർ സമ്മേളനം അവസാനിപ്പിക്കേണ്ടത് വളരെ രചനാത്മകമായ ഊന്നൽ കൊടുത്തുകൊണ്ടായിരിക്കണം. അതായത് എങ്ങനെ എല്ലാ വോട്ടുകളും എണ്ണപ്പെടും, എല്ലാ വോട്ടുകളും ചെയ്യപ്പെടും, യോഗ്യതയുള്ള സ്ഥാനാർഥികൾക്ക് രാഷ്ട്ര ജീവിതത്തിൽ വലിയ പങ്ക് വഹിക്കാൻ കഴിയും.

11) 3–2–1 സംഗ്രഹവും പുനഃപരിശോധനയുമായി ബന്ധപ്പെട്ട് പേജ് 9 ൽ പറയുന്ന കാര്യങ്ങൾ നടപ്പാക്കുക.

## പ്രവർത്തനം – പ്രാരംഭം

### പൊതുവീക്ഷണം

പ്രാരംഭ പ്രവർത്തനം എന്നാൽ വിദ്യാർത്ഥികൾക്കിടയിൽ തെരഞ്ഞെടുപ്പുമായും സേവനങ്ങളുമായി ബന്ധപ്പെട്ട ഭീഷണികളെക്കുറിച്ച് ബോധവൽക്കരിക്കുക എന്നതാണ്. അതുപോലെതന്നെ പ്രശ്നങ്ങൾക്ക് പരിഹാരം നിർദേശിക്കാൻ വിദ്യാർഥികളെ പ്രോത്സാഹിപ്പിക്കുക എന്നതും പ്രധാനമാണ്. വിദ്യാർഥികൾക്കെല്ലാം പ്രത്യേകമായ ചുമതലകൾ ഏൽപ്പിച്ചുകൊടുക്കേണ്ടതുമുണ്ട്. അതുപോലെ തന്നെ ആ ചുമതലകളുമായി ബന്ധപ്പെട്ട ഗൗരവമായ ഉത്തരങ്ങൾ അവരിൽ നിന്നും രൂപപ്പെടുത്തേണ്ടതുണ്ട്. ഗെയിം ലക്ഷ്യമാക്കുന്നത് പങ്കാളികൾക്ക് പ്രശ്നങ്ങളെക്കുറിച്ച് മനസ്സിലാക്കാനുള്ള പാഠം നൽകുക എന്നുള്ളതാണ്. ചോദ്യങ്ങൾ ഉന്നയിക്കുന്നതിലൂടെ ശ്രോതാക്കൾ ഒരുകാര്യം മനസ്സിലാക്കും. അതായത് സമൂഹത്തിലെ ചില വിഭാഗങ്ങൾ ചിലപ്രധാനപ്പെട്ട ഭീഷണികൾ നേരിടുന്നു. അതുകൊണ്ടുതന്നെ തെരഞ്ഞെടുപ്പ് പ്രക്രിയയിൽ സജീവമായ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതുണ്ട്.

### അറിവിന്റെ ഫലങ്ങൾ

വിദ്യാർഥികൾ അവരുടെ പ്രവർത്തനത്തിന്റെ പൂർണ രൂപം പ്രകടമാക്കേണ്ടതുണ്ട്.

1) ജനങ്ങൾ അവരുടെ ജീവിതസാഹചര്യങ്ങളുമായി ബന്ധപ്പെട്ട് പലതരം ഭീഷണികൾ നേരിടുന്നു എന്ന കാര്യം തിരിച്ചറിയുക.

2) ഓരോ വോട്ടും തുല്യപ്രാധാന്യമുള്ളതാണ് എന്ന് തിരിച്ചറിയുക.

3) വോട്ട് ചെയ്യുക എന്നത് എല്ലാ വ്യക്തികളുടെയും അവകാശമാണ് എന്ന് മനസ്സിലാക്കുക.

4) പോളിംഗ് സ്റ്റേഷനിൽ നിന്ന് ലഭ്യമാകുന്ന തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളെപ്പറ്റി മനസ്സിലാക്കുക.

### സ്രോതസ്സുകൾ

1) വ്യക്തിഗത കാർഡുകൾ

2) വ്യക്തിഗത ടാലി ഷീറ്റുകൾ

3) ചോദ്യാവലി

4) പരാമർശിതമായ വസ്തുതകൾ

### ആവശ്യമായ ഭൗതികങ്ങൾ

1) വരയ്ക്കാനുള്ള ചോക്കുകൾ

2) പെൻ, പേപ്പർ, നോട്ടുബുക്ക്.

**സമയദൈർഘ്യം –** 60 മിനിറ്റ്

**കാലയളവ് –** ഒക്ടോബർ/നവംബർ



## മാതൃക

1. കൺവീനർ 6 സന്നദ്ധ ഭടന്മാരായ വിദ്യാർഥികളെ ക്ഷണിച്ചതിനു ശേഷം അവരോട് ഫ്ളാഷ് കാർഡ് ഒരു പെട്ടിയിൽ നിന്നും എടുക്കാൻ ആവശ്യ പ്പെടുന്നു. വിദ്യാർഥികൾ ആ ചുമതല പൂർത്തീകരിക്കുന്നു.
2. ഫ്ളാഷ് കാർഡിൽ ഒരുഭാഗത്ത് സ്വഭാവത്തിന്റെ ദൃശ്യരൂപം ഉണ്ടായിരിക്കും.മറു ഭാഗത്ത് ജനസംഖ്യാപരമായ ഇമേജ് ദൃശ്യമാകും.
3. കൺവീനർ വിദ്യാർഥികളോട് ഇത്തരം കാര്യങ്ങളുടെയെല്ലാം പ്രാധാന്യം മനസ്സി ലാക്കിയിട്ടുണ്ടോ എന്ന് അന്വേഷിക്കും.
4. ചോക്ക് ഉപയോഗിച്ച് തങ്ങൾ മനസ്സിലാക്കിയ കാര്യങ്ങളെല്ലാം വിദ്യാർഥികൾ രേഖ പ്പെടുത്തും. ആർക്കും ഈ ഗെയിമിൽ അവസരം നഷ്ടപ്പെടില്ല എന്ന് കൺവീനർ വ്യക്തമാക്കും.
5, ഒന്നോ രണ്ടോ വിദ്യാർഥികളെ കൺവീനറെ സഹായിക്കാൻ വേണ്ടി ക്ഷണിക്കും. ഈ സഹായികൾ വിദ്യാർഥികളോട് 9 ചോദ്യങ്ങൾ ചോദിക്കും. അതെ അല്ലെങ്കിൽ അല്ല എന്ന ഉത്തരം ആയിരിക്കും ഈ ചോദ്യങ്ങൾക്കുണ്ടാകുക. അല്ലെങ്കിൽ ഒരു വിദ്യാർഥിക്ക് തനിക്കറിയില്ല എന്നും ഉത്തരം പറയാം.
6. ഫ്ളാഷ് കാർഡിൽ വ്യക്തമാക്കുന്ന തന്റെ പങ്കാളിത്തം ഓരോ വിദ്യാർഥിക്കും പ്രദർശിപ്പിക്കാം.
7. അതെ അല്ലെങ്കിൽ അല്ല എന്ന ഉത്തരം വ്യക്തമാക്കുന്ന കാര്യം വിദ്യാർഥികൾ തിരിച്ചറിയപ്പെടുന്നു. തനിക്കറിയില്ലഎന്ന വിദ്യാർഥികളുടെ ഉത്തരങ്ങൾ അതു പോലെ തന്നെ പ്രധാനമാണ്.
8. വിദ്യാർഥികളുടെ പ്രതികരണങ്ങൾ സഹായികൾ രേഖപ്പെടുത്തും.
9. ചോദ്യങ്ങളുടെ അവസാനത്തിൽ വിദ്യാർഥികൾ അതായത് കൺവീനറെ സഹാ യിക്കുന്നവർ ഈ ചോദ്യോത്തരങ്ങളിൽ മികവ് കാണിച്ച വരെ രേഖപ്പെടുത്തും.
10. ക്യൂ..& എ സമ്മേളനത്തിന്റെ അവസാനത്തിൽ വിദ്യാർഥികൾ തങ്ങളുടെ വ്യത്യസ്ത മായ വീക്ഷണങ്ങൾ തിരിച്ചറിയപ്പെടും.
11. കൺവീനർ ഇതുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ വിദ്യാർഥികളോട് ചോദിക്കും.
12. എല്ലാ വിദ്യാർഥികൾക്കും ചർച്ചകളിൽ പങ്കെടുക്കാം.
13. അതുപോലെ തന്നെ കൺവീനറുടെ സഹായിക്കും തന്റെ കാര്യങ്ങൾ രേഖപ്പെടുത്താം.
14. കൺവീനർ വളരെ സവിശേഷമായ വിശദീകരണങ്ങൾ നൽകുന്നതായിരിക്കും.

## കൺവീനറുമായി ബന്ധപ്പെട്ടത്.

നമ്മുടെ ഭരണഘടനയനുസരിച്ച് നമുക്ക് ലഭിച്ചിട്ടുള്ള ഏറ്റവും ശാക്തീകരണ അവ കാശമാണ് വോട്ട് ചെയ്യുക എന്ന ആശയം കൺവീനർ സ്ഥാപിക്കേണ്ടതുണ്ട്. ഏതെ ങ്കിലും ഒരു വ്യക്തിക്ക് ഇത് നഷ്ടമാകുമ്പോൾ അത് സ്ഥാപിച്ചെടുക്കാൻ അയാൾ ശ്രമി ക്കേണ്ടതാണ്. ഇന്ത്യയിലെ പ്രായപൂർത്തിയായ ഏതൊരു വ്യക്തിയുടെയും അവകാശ മാണ് വോട്ട് ചെയ്യുക എന്നത്. ഏതൊരാളുടെ വോട്ടിനും തുല്യമായ മൂല്യമാണുള്ളത്. വോട്ടു ചെയ്യുന്നതിനുള്ള തടസ്സം മാറ്റാനുള്ള ശ്രമങ്ങൾ നടത്തേണ്ടതാണ്.

## ചോദ്യങ്ങൾ

1) ഏതെങ്കിലും ഒരു ഭാഷയിലെങ്കിലും വായിക്കാൻ നിങ്ങൾക്ക് കഴിയുമോ?

2) നിങ്ങൾക്ക് ഏതെങ്കിലും ഐഡി കാർഡ് അല്ലെങ്കിൽ ആധാർ കാർഡ് ഉണ്ടോ?

3) നിങ്ങൾക്ക് വോട്ടർ ഐഡി ഉണ്ടോ?

4) നിങ്ങളുടെ പേര് വോട്ടേഴ്സ് ലിസ്റ്റിൽ ഉണ്ടോ?

5) ഒരു വോട്ടർ എന്ന നിലയിൽ നിങ്ങൾ രജിസ്റ്റർ ചെയ്ത നിയോജകമണ്ഡലത്തിൽ തന്നെയാണോ ഇപ്പോൾ നിങ്ങൽ താമസിക്കുന്നത്.

6) ഒരു ദിവസത്തെജോലി ഒഴിവാക്കിക്കൊണ്ടു വോട്ട് ചെയ്യാൻ പോകാൻ നിങ്ങൾക്ക് കഴിയുമോ?

7) സുഹൃത്തുക്കളുടെയോ ബന്ധുക്കളുടെയോ സഹായമില്ലാതെ നിങ്ങളുടെ പേര് വോട്ടർ ലിസ്റ്റിൽ ഉണ്ടോ എന്ന് പരിശോധിക്കാൻ നിങ്ങൾക്ക് കഴിയുമോ?

8) തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾ നടത്തേണ്ടത് ആരോടാണ് എന്ന് നിങ്ങൾക്കറിയുമോ?

9) നിർഭയമായി ഒറ്റയ്ക്ക് പോളിംഗ് ബൂത്തിൽ പോകാൻ നിങ്ങൾക്ക് കഴിയുമോ? (ഭയം എന്നത് സുരക്ഷയുമായി ബന്ധപ്പെട്ടതാണ്. പലകാരണങ്ങൾ ഇതിനുണ്ടാകാം. ഒരു പക്ഷേ സ്വന്തം കുടുംബത്തിൽ നിന്ന് അനുവാദം കിട്ടാത്തതാവാം).

10) നിങ്ങൾ വോട്ട് ചെയ്യുന്നത് ഏത് സ്ഥാനാർഥിക്കാണ് എന്ന് സ്വന്തവും സ്വതന്ത്രവുമായി തീരുമാനിക്കാൻ നിങ്ങൾക്ക് കഴിയുമോ?

കൺവീനർക്ക് വോട്ടിംഗിംനെ സംബന്ധിച്ചും രജിസ്ട്രേഷനെ സംബന്ധിച്ചും വിശദീകരിക്കാൻ ഫ്ളാഷ് കാർഡ് ഉപയോഗിക്കാം. ബാലറ്റ് പേപ്പർ വോട്ടർക്ക് നൽകാൻ തിരഞ്ഞെടുപ്പ് കമ്മീഷൻ അനുവദിച്ചിട്ടുള്ള നടപടിക്രമങ്ങൾക്കനുസരിച്ചുള്ളതാണിത്.

* തെരഞ്ഞെടുപ്പ് പ്രതീകങ്ങൾ/ഇ.വി.എം ബാലറ്റ് പേപ്പറിൽ പതിപ്പിച്ചിരിക്കും. നിരക്ഷരരായ വോട്ടർമാർക്കുപോലും ഈ അടയാളം അഥവാ ചിഹ്നം തിരിച്ചറിയാൻ കഴിയും. സ്ഥാനാർഥികളുടെ പുതിയ ഫോട്ടോയും ഇതിൽ പതിപ്പിച്ചിരിക്കും.

* വായിക്കാനറിയാത്ത വോട്ടർമാരെ സഹായിക്കാൻ ബി.എൽ.ഒ ഉണ്ടായിരിക്കും.

* വിവിധ തിരിച്ചറിയൽ കാർഡുകൾ പോളിംഗ് സ്റ്റേഷനിൽ സ്വീകരിക്കുന്നതായിരിക്കും.

* പ്രായം തെളിയിക്കാൻ സ്വീകരിക്കുന്ന രേഖകൾ ഇവയാണ് : ജനന സർട്ടിഫിക്കറ്റ്, പത്താം ക്ലാസിന്റെ സർട്ടിഫിക്കറ്റ്, ഇന്ത്യൻ പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ് അല്ലെങ്കിൽ ആധാർകാർഡ്.

* രജിസ്റ്റർ ചെയ്യണമെങ്കിൽ താമസിക്കുന്ന ഗ്രാമത്തിന്റെ അല്ലെങ്കിൽ താമസ സ്ഥലത്തിന്റെ രേഖവേണം.

* പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, റേഷൻ കാർഡ്, ജല – ടെലിഫോൺ – വൈദ്യുത – ഗ്യാസ് കണക്ഷൻ ബില്ലുകൾ അല്ലെങ്കിൽ ബാങ്ക് പാസ്സ്ബുക്ക് എന്നിവയാണ് മറ്റ് രേഖകൾ.



* വേതനം ലഭ്യമാകുന്ന ഒരു അവധി ദിനമായിരിക്കും തെരഞ്ഞെടുപ്പ് നടക്കുക.
* ഒരേ സമയം ഒരു വോട്ടർക്ക് രണ്ട് നിയോജകമണ്ഡലങ്ങളിൽ രജിസ്റ്റർ ചെയ്യാൻ കഴിയുന്നതല്ല.
* ഒരു വോട്ടർ വേറെ സ്ഥലത്തേക്ക് കുടിയേറിയിട്ടുണ്ടെങ്കിൽ അയാൾ അത് രേഖപ്പെടുത്താനുള്ള അപേക്ഷ സമർപ്പിക്കണം.
* രണ്ടാമത്തെ സാധ്യത കുടിയേറ്റം നടത്തിയ വ്യക്തിക്ക് തന്റെ പഴയ താമസസ്ഥലത്തു തന്നെ വോട്ട് ചെയ്യാം എന്നതാണ്.
* രണ്ട് കിലോമീറ്ററിലധികം സഞ്ചരിക്കേണ്ടതില്ലാത്ത പോളിംഗ് ബൂത്തിലായിരിക്കും വോട്ട് ചെയ്യേണ്ടത്.
* ഏതെങ്കിലും തരത്തിലുള്ള സഹായം ആവശ്യമാണെങ്കിൽ നാഷണൽ കോൺടാക്ട് കേന്ദ്രത്തിലേക്ക് വിളിച്ചാൽ മതി.
* രജിസ്ട്രേഷന്റെ ഓരോ ഘട്ടത്തിലും ബൂത്ത് ലെവൽ ഓഫീസർ സഹായിക്കാനുണ്ടാകും.
* ഇതിനുപുറമെ ഹെൽപ്പ് ലൈൻ സംവിധാനവും ഉണ്ടായിരിക്കും.
* ഡി.ഇ.ഒ, സി.ഇ.ഒ-വെബ്സൈറ്റുകളും ലഭ്യമാകും.
* www.nvsp.in – ഇതാണ് വോട്ടർസർവീസ് പോർട്ടൽ
* ഡി.ഇ.ഒ, സി.ഇ.ഒ, എൻ.വി.എസ്.പി വെബ്സൈറ്റുകൾ ലഭ്യമാണ്.
* വോട്ടർ സ്ലിപ്പുകൾ തെരഞ്ഞെടുപ്പ് ദിവസത്തിന് മൂന്ന് നാൾ മുമ്പെ ലഭിക്കും.
* വീൽചെയർ, സന്നദ്ധ ഭടന്മാർ എന്നിവ ആവശ്യമാണെങ്കിൽ പോളിംഗ് സ്റ്റേഷനിൽ ലഭ്യമാകും.
* സംഘർഷബാധിത പ്രദേശങ്ങളിൽ സുരക്ഷാസംവിധാനം ഉണ്ടായിരിക്കും. ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യയുടെ മാർഗനിർദേശമനുസരിച്ചാണിത്. സി.ആർ.പി.എഫ്, ബി.എസ്.എഫ് എന്നീ സേനകളുടെ സഹായവുമുണ്ടായിരിക്കും.

## ദേശീയ വോട്ടേഴ്സ് ദിനത്തിലെ പ്രവർത്തനം: ചിത്രം വരയ്ക്കൽ, പോസ്റ്റർ നിർമാണ മത്സരം

തിരഞ്ഞെടുപ്പ്, പ്രാതിനിധ്യ ജനാധിപത്യം എന്നിവയായിരിക്കും ഇതിന്റെ വിഷയം. ചില ഉദാഹരണങ്ങൾ

* എല്ലാ വോട്ടുകളും എണ്ണി തിട്ടപ്പെടുത്തും
* ഒരു വോട്ടറെയും നിരാകരിക്കില്ല
* ശക്തമായ ജനാധിപത്യത്തിന് ബഹുലമായ പങ്കാളിത്തം ആവശ്യമാണ്
* വിവരങ്ങൾ ലഭ്യമാക്കുന്നതും സുതാര്യവും, നൈതികവുമായ തെരഞ്ഞെടുപ്പ് സമ്പ്രദായം.
* ലഭ്യമായ തെരഞ്ഞെടുപ്പുകൾ




# പ്രവർത്തനത്തിന്റെ സ്രോതസ്സുകൾ




## രജിസ്ട്രേഷൻ ഫീൽഡ് അസൈൻമെന്റ് :<br>വിവരങ്ങൾ ശേഖരിക്കാനുള്ള മാതൃക.

| ക്രമ നമ്പർ | മേൽവിലാസം | വോട്ട് ചെയ്യാൻ അർഹരായ മൊത്തം അംഗങ്ങൾ രജിസ്റ്റർ ചെയ്തവർ | ഇലക്ടറൽ റോളിൽ അഥവാ വോട്ടേഴ്സ ലിസ്റ്റിൽ | ഇതിൽ എത്ര പേർക്ക് ഇ.പി.ഐ.സി ഉണ്ട്. | അർഹരാണ് പക്ഷേ രജിസ്റ്റർ ചെയ്തിട്ടില്ല. | 14–17 വയസ്സുകാർ |
|---|---|---|---|---|---|---|
| 1 | | | | | | |
| 2 | | | | | | |
| 3 | | | | | | |
| 4 | | | | | | |
| 5 | | | | | | |
| 6 | | | | | | |
| 7 | | | | | | |
| 8 | | | | | | |
| 9 | | | | | | |
| 10 | | | | | | |
| 11 | | | | | | |
| 12 | | | | | | |
| 13 | | | | | | |
| 14 | | | | | | |
| 15 | | | | | | |
| 16 | | | | | | |
| 17 | | | | | | |
| 18 | | | | | | |
| 19 | | | | | | |
| 20 | | | | | | |
| 21 | | | | | | |




Which of these can be used as a mode of transportation?
NOTA


Which of these can you use to dig dirt to plant a healthy new sapling?
NOTA


Qutub Minar
Taj Mahal
Which of these is not an Indian Monument
Red Fort
NOTA


Which of these is a good thing to eat?
NOTA



സ്രോതസ്സുകൾ

## നോട്ട


സുപ്രീംകോടതിയുടെ ഉത്തരവും വിധിയുമനുസരിച്ച് തെരഞ്ഞെടുപ്പ് കമ്മീഷൻ നോട്ട നടപ്പാക്കാൻ താഴെ പറയുന്ന മാർഗനിർദ്ദേശം നൽകുന്നു :

ബാലറ്റ് പേപ്പറിൽ അവസാനത്തെ സ്ഥാനാർഥിയുടെ വിവരങ്ങളും രേഖപ്പെടുത്തിയ ശേഷം മറ്റൊരു പാനൽ ബാലറ്റ് അതിൽ കാണാം. അതിങ്ങനെയാണ്: "മുകളിൽ പറഞ്ഞ ആരുമല്ല" ഒരു സ്ഥാനാർത്ഥിക്കും വോട്ട് ചെയ്യാതിരിക്കാനുള്ള വോട്ടർമാരുടെ അവകാശമാണ് ഇത് സ്ഥാപിക്കുന്നത്. ബാലറ്റ് പേപ്പറിൽ നോട്ടയുടെ അടയാള ചിത്രം കൊടുത്തിരിക്കും.

സ്ഥാനാർഥിയുടെ ഭാഷയിലോ സ്ഥാനാർഥി ഉപയോഗിക്കുന്ന ഭാഷയിലോ ആയിരിക്കും ഈ വാക്കുകൾ രേഖപ്പെടുത്തിയിരിക്കുന്നത്.

16 സ്ഥാനാർഥികൾ ഉണ്ടെന്നിരിക്കട്ടെ. അതിന്റെ കൂടെ "മുകളിൽ പറഞ്ഞ ആരുമല്ല" എന്ന വാക്യം കൂടി ചേർത്തിരിക്കുന്നു.





**Migrant Male Labourer from Jharkhand working in Delhi**
25 years old, married, wife and 2 years old baby living with him, studied till class VIII



**Army Jawan from Uttarakhand posted at Siachen**
24 years old, married, wife at native place in Uttarakhand, educated



**Young boy in Chandigarh**
18 years old, studies in College, unmarried



**Woman who is Wheelchair bound in Delhi**
47 years old, educated(graduate) living with son and daughter-in-law



**Woman in a village in Odisha**
28 years old, two children - 4 years & 9 months old baby, uneducated, works as a farm labourer



**Young man living in a naxal affected area in Chhattisgarh**
22 years old, unmarried, studied till class 9th, working in the village govt school





സ്രോതസ്സുകൾ

## ഉദാഹരണം :

ഭിന്നശേഷിയുള്ള കൃഷ്ണ എന്ന വീൽചെയറിൽ സഞ്ചരിക്കുന്ന സ്ത്രീയോട് താഴെ പറയുന്ന ചോദ്യങ്ങൾ ചോദിക്കാം.

* മറ്റാരുടെയും സഹായമില്ലാതെയും തനിച്ചും നിങ്ങൾക്ക് പോളിംഗ് ബൂത്തിൽ എത്താൻ പറ്റുമോ?
* ബന്ധുക്കളുടെയോ സുഹൃത്തുക്കളുടെയോ ബി.എൽ.ഒ വിന്റെയോ സഹായ മില്ലാതെ നിങ്ങൾക്ക് വോട്ടേഴ്സ് ലിസ്റ്റിലെ നിങ്ങളുടെ പേര് പരിശോധിക്കാൻ കഴിയുമോ?

അവരുടെ പ്രതികരണം ഇങ്ങനെയാവാം: “ഞാൻ വീൽചെയർ സഞ്ചാരിയാണ് അതുകൊണ്ട് എനിയ്ക്ക് പോളിംഗ് ബൂത്തിൽ എത്താൻ പറ്റില്ല. മാത്രമല്ല എനിയ്ക്കെന്റെ വീട് വിട്ട് വരാനും വയ്യ. മാത്രമല്ല എനിക്കെന്റെ പേര് വോട്ടേഴ്സ് ലിസ്റ്റിൽ നിന്നും പരിശോധിക്കാനും വയ്യ”.

അനന്തരം കൺവീനർ അവർക്ക് നൽകുന്ന സഹായം വ്യക്തമാക്കും. സന്നദ്ധ ഭടന്മാർ, വീൽ ചെയർ, തുടങ്ങിയവ.



*Resource*

## Character Tally Sheet

The assistant to the convener shall mark this character tally sheet. If a character answers the question with a 'Yes' and takes a step forward, then mark with a (+) sign. If a character answers with a 'No' and takes a step backward, then mark with a (-) sign. If a character answers with a 'Don't Know' and stays at their place, then mark with a (O) sign.

| Question Number | Rural Woman from Odisha | Army Jawan | Young College Boy | Migrant Laborer | PwD Woman | Young Man from Chhattisgarh |
|---|---|---|---|---|---|---|
| 1 | | | | | | |
| 2 | | | | | | |
| 3 | | | | | | |
| 4 | | | | | | |
| 5 | | | | | | |
| 6 | | | | | | |
| 7 | | | | | | |
| 8 | | | | | | |
| 9 | | | | | | |
| 10 | | | | | | |





## സംക്ഷിപ്ത വാക്യങ്ങളും പദാവലികളും

1. **ബി.എൽ.ഒ – ബൂത്ത്ലെവൽ ഓഫീസർ –** അയാൾ ലോക്കൽ ഗവൺമെന്റ് ഉദ്യോഗസ്ഥനായിരിക്കും. പ്രദേശത്തെ വോട്ടർമാരുമായി പരിചയമുള്ള ആളായിരിക്കും ഈ ഉദ്യോഗസ്ഥൻ. സാധാരണ നിലയിൽ താൻ ജോലി ചെയ്യുന്ന അതേ നിയോജക മണ്ഡലത്തിലെ വോട്ടർ ആയിരിക്കും ടിയാൻ. വോട്ടർമാരുടെ രജിസ്ട്രേഷന്റെ മേൽനോട്ടം വഹിക്കുന്നത് ഈ ഉദ്യോഗസ്ഥനായിരിക്കും. അതുപോലെ തന്നെ ഫീൽഡ് പരിശോധന യുടെ ഉത്തരവാദിത്വവും ഇയാൾക്കായിരിക്കും. വിവരശേഖരണം, വോട്ടർമാരുമായി ബന്ധ പ്പെട്ട വസ്തുതകൾ തുടങ്ങിയവയും ഇദ്ദേഹത്തിന്റെ മേൽനോട്ടത്തിലായിരിക്കും.

2. **സി.ഇ.ഒ (ചീഫ് ഇലക്ടറൽ ഓഫീസർ) –** ഇലക്ഷൻ കമ്മീഷൻ നിയോഗിക്കുന്ന സർക്കാർ ഉദ്യോഗസ്ഥനായിരിക്കും ഇയാൾ. മേൽ നോട്ടം, മാർഗ നിർദേശം, തെര ഞ്ഞെടുപ്പ് നിയന്ത്രണം എന്നിവ ഈ ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്വത്തിലായിരിക്കും നടക്കുക. തയ്യാറെടുപ്പ്, പുനപരിശോധന, തെരഞ്ഞെടുപ്പ് രേഖയുടെ തിരുത്തൽ എന്നി വയും ഇദ്ദേഹത്തിന്റെ കർത്തവ്യമായിരിക്കും.

3. **നിയോജക മണ്ഡലം –** നിയമനിർമാണ സഭയിലേക്ക് ഒരു പ്രതിനിധിയെ തെരഞ്ഞെ ടുക്കുന്ന നിശ്ചിത പ്രദേശം.

4. **ഡി.ഇ.ഒ –ഡിസ്ട്രിക്ട് ഇലക്ഷൻ ഓഫീസർ –** ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗ സ്ഥൻ: ജില്ലാ ഭരണത്തിന്റെ മേധാവിയായ ഈ ഉദ്യോഗസ്ഥനെ നിയോഗിക്കുന്നത് ഇലക്ഷൻ കമ്മീഷനായിരിക്കും. (കലക്ടർ, ഡെപ്യൂട്ടി കമ്മീഷണർ അല്ലെങ്കിൽ ജില്ലാ മജിസ്ട്രേറ്റ്) മുഖ്യ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്റെ മാർഗ നിർദേശങ്ങൾക്കനുസരി ച്ചായിരിക്കും ഇയാൾ പ്രവർത്തിക്കുക.

5. **തിരഞ്ഞെടുപ്പ് –** പൊതു ഭരണകാര്യങ്ങൾ നിർവഹിക്കാൻ ഒരു വ്യക്തിയെ ഒരു ജനവിഭാഗം തെരഞ്ഞെടുക്കുന്ന പ്രക്രിയ.

6. **വോട്ടർ –** വോട്ട് ചെയ്യാൻ യോഗ്യതയുള്ളതും അതിനായി പേര് രജിസ്റ്റർ ചെയ്തതുമായ വ്യക്തി.

7. **തെരഞ്ഞെടുപ്പ് പ്രാതിനിധ്യം –** ഒരു വോട്ടർ എന്ന നിലയിൽ തെരഞ്ഞെടുപ്പ് പ്രക്രിയയിൽ പങ്കെടുക്കുന്ന പ്രവർത്തനം.

8. **തെരഞ്ഞെടുപ്പ് പ്രക്രിയ –** വോട്ടർമാർ, സ്ഥാനാർഥികൾ, തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ, രാഷ്ട്രീയ പാർട്ടികൾ, മറ്റ് ഉത്തരവാദപ്പെട്ടവർ തുടങ്ങിയവർ ഒരു ജനാധിപത്യ പ്രക്രിയ എന്ന നിലയിൽ ഏർപ്പെടുന്ന പ്രവർത്തനങ്ങളുടെ നിരവധി ഘട്ടങ്ങൾ.

9. **വോട്ടേഴ്സ് ലിസ്റ്റ് –** ഒരു നിയോജക മണ്ഡലത്തിൽ താമസിക്കുന്ന രജിസ്റ്റർ ചെയ്ത വോട്ടർമാരുടെ പേര് വിവരങ്ങൾ.

10. **ഇ.പി.ഐ.സി. : ഇലക്ടേഴ്സ് ഫോട്ടോ ഐഡന്റിറ്റി കാർഡ് –** വോട്ടർമാരുടെ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ്.

11. **ഇ.ആർ.ഒ. : ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ –** ഒരു നിയോജക മണ്ഡല ത്തിന്റെ വോട്ടേഴ്സ് ലിസ്റ്റ് പരിശോധിക്കുകയും തയ്യാറാക്കു കയും ചെയ്യുന്ന ഉദ്യോഗ സ്ഥൻ.സംസ്ഥാന ഗവൺമെന്റുമായി ചർച്ച ചെയ്ത് ഇലക്ഷൻ കമ്മീഷൻ നിയോഗി ക്കുന്ന ഉദ്യോഗസ്ഥൻ.

12. **ഇ.വി.എം : ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ –** വോട്ടർമാരെ രേഖപ്പെടുത്തുക എന്ന ഉദ്ദേശ്യത്തിനായി ഉപയോഗിക്കുന്ന യന്ത്രം. ഇതിന് രണ്ട് യൂണിറ്റുകൾ ഉണ്ടായിരിക്കും. ബാലറ്റ് പേപ്പർ ഉപയോഗിക്കുന്നതിന് പകരം പോളിംഗ് ഓഫീസർ ഈ യന്ത്രത്തിന്റെ ബാലറ്റ് ബട്ടൺ അമർത്തും.

13. **എം.സി.സി. : മോഡൽ കോഡ് ഓഫ് കോൺടാക്ട് –** ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യ പുറത്തിറക്കുന്ന മാർഗനിർദേശങ്ങളാണിവ – തെരഞ്ഞെടുപ്പ് വേളയിൽ രാഷ്ട്രീയ പാർട്ടികൾ, സ്ഥാനാർഥികൾ, എന്നിവർ പിൻതുടരേണ്ട നടപടിക്രമങ്ങൾ. പ്രസംഗങ്ങൾ, പോളിംഗ് ദിവസത്തിൽ പിൻതുടരേണ്ടുന്ന കാര്യങ്ങൾ,. തെരഞ്ഞെടുപ്പ് പ്രകടന പത്രിക, പൊതുവായ അച്ചടക്ക രീതികൾ എന്നിവയാണിത്.

14. **എൻ.വി.ഡി : നാഷണൽ വോട്ടേഴ്സ് ഡേ –** വോട്ടർമാരെ വിശേഷിച്ചും യുവതി – യുവാക്കളെ കൂടുതലായി വോട്ടർമാരായി രജിസ്റ്റർ ചെയ്യാനുള്ള പ്രവർത്തനങ്ങളെ ആഘോഷിക്കുന്ന ദിവസം.

15. **നോട്ട – നൺ ഓഫ് ദ എബൗ –** മുകളിൽ പറഞ്ഞവർ ആരുമല്ല എന്നർഥം. അതായത് ഒരു സ്ഥാനാർഥിക്കും വോട്ട് ചെയ്യാതിരിക്കാനുള്ള ആഗ്രഹം വോട്ടർമാർക്കുണ്ടെങ്കിൽ അത് പ്രകടിപ്പിക്കാനുള്ള അവകാശം.

16. **എൻ.വി.എസ്.പി –** നാഷണൽ വോട്ടേഴ്സ് സർവീസ് പോർട്ടൽ (www.nvsp.In) ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യയുടെ ഔദ്യോഗിക വെബ്സൈറ്റ്.

17. **പഞ്ചായത്ത് –** ഒരു ഭരണക്രമം എന്ന നിലയിൽ നിർവഹിക്കപ്പെടുന്ന പക്രിയയാണ് പഞ്ചായത്ത് രാജ്. ഇതിന് മൂന്ന് തലങ്ങളുണ്ട്: ഗ്രാമപഞ്ചായത്ത്, ബ്ലോക്ക്പഞ്ചായത്ത്, ജില്ലാപഞ്ചായത്ത് എന്നിവയാണവ.

18. **PWDS-Persons with Disability -** ശാരീരികമായ ഏതെങ്കിലും പരമമിതികളോ ബല ഹീനതയോ ഉള്ള വോട്ടർമാർ.

19. **വോട്ടവകാശം – സഫറേജ് –** രാഷ്ട്രീയ തെരഞ്ഞെടുപ്പുകളിൽ വോട്ട് ചെയ്യാനുള്ള അവകാശം.

20. **യൂണിവേഴ്സൽ അഡൽട്ട് ഫ്രാഞ്ചൈസ് –** പ്രായപൂർത്തി വോട്ടവകാശം – ജാതി, വർഗം, വർണം, മതം, ലിംഗഭേദം, എന്നിവയൊന്നും പരിഗണിക്കാതെ പ്രായപൂർത്തിയായ ഏതൊരു ഇന്ത്യൻ പൗരനും വോട്ട് ചെയ്യാനുള്ള അവകാശം.

21. **വോട്ടർ രജിസ്ട്രേഷൻ –** വോട്ട് ചെയ്യാൻ യോഗ്യരായ വോട്ടർമാരെ വോട്ടേഴ്സ് ലിസ്റ്റിൽ രജിസ്റ്റർ ചെയ്യുന്ന പ്രക്രിയ

22. **വി.വി.പി.എ.ടി –** വോട്ടർ വെരിഫയബ്ൾ പേപ്പർ അഡൾട്ട് ട്രാൾ – താൻ ചെയ്ത വോട്ട് താനുദ്ദേശിച്ച സ്ഥാനാർഥിക്ക് തന്നെ ആണോ ലഭിച്ചത് എന്ന് പരിശോധിക്കാൻ വോട്ടർമാരെ അനുവദിക്കുന്ന യന്ത്രം.



## കൺവീനറുടെ നോട്ട്

## കൺവീനറുടെ നോട്ട്





## കൺവീനറുടെ നോട്ട്

## കൺവീനറുടെ നോട്ട്





## കൺവീനറുടെ നോട്ട്